

വിശകലനം/
ഫഹ്മീ ഹുവൈദി

# ശീഈ-സുന്നീ സംഘർഷം വ്യാപിക്കും മുമ്പ്

**അറബ്-മുസ്‌ലിംലോകത്ത്** നിറഞ്ഞു നിൽക്കുന്ന അതൃപ്തിയും രോഷവും പ്രതിഫലിക്കാതെ ഇപ്രാവശ്യത്തെ മദ്ഹബ് സംവാദസമ്മേളനം നടക്കുമായിരുന്നില്ല. ജനുവരി 20 മുതൽ 22 വരെ ദോഹയിൽ നടന്ന മദ്ഹബ് സംവാദസമ്മേളനമാണ് മുൻ സമ്മേളനങ്ങളിൽനിന്ന് വ്യത്യസ്തമായത്. 1979-ലെ ഇറാൻ ഇസ്‌ലാമിക വിപ്ലവശേഷം മദ്ഹബ് ഐക്യം എന്ന ആശയം പല തവണ പുതുക്കപ്പെടുകയുണ്ടായി. ഇരുപതിലേറെ സമ്മേളനങ്ങൾ. അവയിലേറെയും തെഹ്‌റാനിലാണ് നടന്നത്. ചിലതിൽ പങ്കെടുക്കാൻ എനിക്കും അവസരം കിട്ടി. ശീഈകളും സുന്നികളും ഒരുപോലെ അംഗീകരിക്കുന്ന വിഷയങ്ങളാണ് ആ സമ്മേളനങ്ങളിൽ ചർച്ചചെയ്തത്. സൗഹൃദാന്തരീക്ഷത്തിൽ ആശയപരമായ സംവാദം മാത്രം. സംഭവലോകത്ത് ഇരു വിഭാഗത്തിനുമിടയിലെ ബന്ധമെന്താണെന്ന് പരിശോധിക്കാൻ അവയിൽ വേണ്ടത്ര അവസരങ്ങളുണ്ടായിരുന്നില്ല. നിത്യജീവിതത്തിൽ നടന്നുകൊണ്ടിരിക്കുന്ന പല സംഗതികൾക്കും വിഷയങ്ങൾക്കും നേരെ ആ സമ്മേളനങ്ങൾ കണ്ണടക്കുകയായിരുന്നു. ഇറാനിലെ വിപ്ലവത്തിന് കാലുറപ്പിക്കാൻ കുറച്ചു സമയം ആവശ്യമായിരുന്നു. അമേരിക്കയുടെയും ഇസ്രയേലിന്റെയും കുടില തന്ത്രങ്ങൾക്ക് നടുവിലായിരുന്നു ഇറാൻ. ഏതാണ്ട് പത്തു നൂറ്റാണ്ടായി ശീഈകൾക്ക് ഒരു രാഷ്ട്രമുണ്ടായിരുന്നുമില്ല. എന്നിരുന്നാലും ചില അറബ് രാജ്യങ്ങളിൽ ശീഈകൾ പീഡനത്തിനിരയാവുകയും ചില സലഫീ തീവ്രവാദികൾ അവരെ കാഫിറുകളായി മുദ്രകുത്തുകയും ചെയ്തപ്പോൾ അവരോടുള്ള അനുഭാവം ഞാൻ മറച്ചുവെച്ചില്ല.

അക്കാലത്ത് ഞാൻ തെഹ്‌റാനിൽ ചെല്ലുമ്പോൾ അവിടത്തെ സുന്നികളുടെ പ്രതിനിധികൾ എന്നെ സന്ദർശിക്കാറുണ്ടായിരുന്നു. അവർ പല പരാതികളും പറയും. ഉദാഹരണമായി, അംഗസംഖ്യയിൽ അവർ ധാരാളമുണ്ടെങ്കിലും (72 മില്യനിൽ ഏകദേശം 14 മില്യൻ) സുന്നിയായ ഒരു മന്ത്രിയോ അംബാസഡറോ ഗവർണർ പോലുമോ ഇല്ല. ഒരു മില്യനിലധികം സുന്നികൾ താമസിക്കുന്ന തെഹ്‌റാനിൽ പള്ളി പണിയാൻ വിപ്ലവത്തിന്റെ ആരംഭത്തിൽ തന്നെ അവർ സ്ഥലം വാങ്ങിയിരുന്നെങ്കിലും അനുവാദം ലഭിക്കുന്നില്ല എന്നായിരുന്നു മറ്റൊരു പരാതി. ഭാവിയിൽ അവരുടെ സാഹചര്യം മെച്ചപ്പെടുമെന്ന് പ്രതീക്ഷിച്ച് ക്ഷമയും വിട്ടുവീഴ്ചയും അവലംബിക്കാനായിരുന്നു ഞാൻ അവരെ ഉപദേശിച്ചിരുന്നത്. പിന്നീട് ഈ ആവശ്യങ്ങളിലേറെയും പരിഹരിക്കപ്പെട്ടു; വിശേഷിച്ചും പരിഷ്കരണവാദികളുടെ ഭരണത്തിനു കീഴിൽ. വിവേചനം കൂടാതെ എല്ലാ പൗരാവകാശങ്ങളും ഇറാനിൽ സുന്നികൾക്ക് ഇന്ന് ലഭിക്കുന്നുണ്ട്. ഭരണമേഖലയിലും രാഷ്ട്ര സംവിധാനങ്ങളിലും അവർക്ക് പ്രാതിനിധ്യം കുറവാണെന്നു മാത്രം (മുന്നൂറു സീറ്റുള്ള മജ്‌ലിസുശ്ശൂറായിൽ 20 സീറ്റുകളാണ് സുന്നികൾക്ക്).

ഇസ്‌ലാമിന്റെ പേരിൽ അഭിമാനം കൊള്ളുകയും സ്വതന്ത്രമായി ആർജവമുള്ള തീരുമാനങ്ങളെടുക്കുകയും അമേരിക്കൻ മേധാവിത്വത്തെ പരസ്യമായി വെല്ലുവിളിക്കുകയും ഇസ്രയേലിനോടുള്ള ശത്രുത തുറന്നു പ്രഖ്യാപിക്കുകയും ഫലസ്ത്വീൻ ജനതയെ പിന്തുണക്കുകയും ചെയ്തുപോന്ന ഇറാനെ ഞാൻ ഏറെ വിലമതിച്ചു. അതിന്റെ പോരായ്മകൾ അവഗണിച്ചു. വിഭാഗീയമായല്ല; രാഷ്ട്രം എന്ന നിലക്കാണ് ഇറാനുമായി ഞാൻ ഇടപെട്ടത്. സുന്നിയായ ഞാൻ ശീഈ വിഭാഗത്തോടാണ് ഇടപെടുന്നതെന്ന ചിന്ത ഒരിക്കലുമുണ്ടായില്ല.

എന്നാൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ കാര്യങ്ങൾ താരതമ്യേന മാറിയിരിക്കുന്നു. രാഷ്ട്രത്തിനുമേലുള്ള യാഥാസ്ഥിതികരുടെ പിടിത്തം മുറുകിയിട്ടുണ്ട്. സ്പീക്കർ സ്ഥാനത്തേക്ക് ഒരു സുന്നി സ്ഥാനാർഥി മത്സരിക്കുന്നത് ഈ വിഭാഗം തടയുകയുണ്ടായി. മറുഭാഗത്ത് ഇറാഖിലെ ബഅ്സ് ഭരണകൂടം തകരുകയും ഇറാനുമായി ദൃഢബന്ധമുള്ള ശീഈ സംഘടനകൾ ഇറാഖിൽ നിർണായക സ്ഥാനത്തേക്കുയരുകയും ചെയ്തു. അവരിലെ തീവ്രവാദികളെ ഇത് സജീവമാക്കുകയും അവരുടെ പല താൽപര്യങ്ങളുമുണരുകയും ചെയ്തിട്ടുണ്ട്.

താലിബാൻ ഭരണകൂടത്തിന്റെയും സദ്ദാം ഭരണകൂടത്തിന്റെയും തകർച്ച ഇറാന് ആശ്വാസമാണ് പകർന്നിരിക്കുന്നത്. തങ്ങൾക്ക് സ്വാധീനമുള്ള പുതിയ സാഹചര്യം ഇറാഖിൽ സ്ഥിരമായി നിലനിർത്താനാണ് ഇറാന്റെ ശ്രമം. സാഹചര്യം പൂർണമായും ശീഈ തീവ്രവാദികൾക്ക് അനുകൂലമാണ്. ശീഈ താൽപര്യങ്ങൾക്ക് അനുകൂലം മാത്രമല്ല ചരിത്രപരമായ ചില കണക്കുതീർക്കലുകൾക്കുകൂടി പറ്റിയ ചരിത്രസന്ദർഭമാണ് ഒത്തുവന്നിരിക്കുന്നത് എന്നാണ് അവരുടെ ചിന്താഗതി.

ഇറാനിലായാലും പുറത്തായാലും ശീഈകളെല്ലാവരും ഒരുപോലെയല്ല. അവർക്കിടയിൽ മിതവാദികളും തീവ്രവാദികളുമുണ്ട്. സുന്നികളുടെ കാര്യവും ഇങ്ങനെത്തന്നെ. സുന്നീ തീവ്രവാദികൾ ഇറാഖിൽ ശീഈകൾക്കെതിരെ ലജ്ജാകരവും വിഡ്ഢിത്തം നിറഞ്ഞതുമായ കാര്യങ്ങളാണ് ചെയ്തുകൂട്ടുന്നത്. എങ്കിലും സുന്നീ സംഘടനകളുടെ മുഖ്യവിഷയം അധിനിവേശത്തിനെതിരായ ചെറുത്തുനിൽപാണ്. അവരിൽ വളരെ ചെറിയൊരു വിഭാഗം -അൽഖാഇദ- ആണ് ശീഈകൾക്കെതിരെ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നത്. തങ്ങൾ ഉദ്ദേശിക്കുന്ന തരത്തിലുള്ള 'ഇസ്‌ലാമിക രാഷ്ട്ര' പദ്ധതിയെ എതിർക്കുന്ന സുന്നികളെയും അവർ വെറുതെ വിടുന്നില്ല. ശീഈ സംഘടനകൾക്കാണ് ഇറാഖിൽ ഇപ്പോൾ ശക്തി. അധികാരവും സമ്പത്തും അവരുടെ കൈയിലാണ്. പോലീസും പട്ടാളവും സുരക്ഷാവിഭാഗവും അവരെ പിന്താങ്ങുന്നു. അതിനു പുറമെ ഇറാനും അമേരിക്കയും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അവരെ പിന്തുണക്കുന്നുമുണ്ട്. ശീഈ സംഘടനകളുടെ അതിക്രമങ്ങളെ ഇറാൻ പിന്തുണക്കുന്നില്ലെങ്കിൽ അവയെ അപലപിച്ച് രംഗത്തുവരേണ്ടതായിരുന്നു. മൗനം സമ്മതം എന്നാണല്ലോ മനസ്സിലാക്കേണ്ടത്. ഒടുവിൽ സയ്യിദ് അലി ഖാംനഈ ഇറാഖിലെ വിഭാഗീയ പോരാ

ട്ടത്തെയും സുന്നീ-ശീഈ സംഘര്‍ഷം ഇളക്കിവിടുന്നതിനെയും അപലപിക്കുകയും ഇസ്‌ലാമികലോകത്ത് സുന്നീ-ശീഈ പോരാട്ടം പൊട്ടിപ്പുറപ്പെടാന്‍ ലക്ഷ്യമിട്ട് നടത്തുന്ന നികൃഷ്ട പദ്ധതികളെ കുറിച്ച് മുന്നറിയിപ്പ് നല്‍കുകയും ചെയ്തെങ്കിലും വൈകിപ്പോയിരുന്നു. ആ ആഹ്വാനത്തിന് പ്രത്യേകിച്ച് ഫലമൊന്നുമുണ്ടായിട്ടില്ല. വിഭാഗീയ പോരാട്ടം നാള്‍ക്കുനാള്‍ ശക്തിയാര്‍ജിക്കുകയാണ്.

അസ്വസ്ഥതയുണ്ടാക്കുന്ന മറ്റു ചില വിഷയങ്ങളുമുണ്ട്. ഇറാഖില്‍ ഇറാന്റെ സ്വാധീനം വര്‍ധിച്ചുവരികയാണെന്ന സൂചനകള്‍ പലതും അനിഷേധ്യമാണ്. ദക്ഷിണ ഇറാഖില്‍, വിശിഷ്യാ ബസ്വരയില്‍ ചില വിഭാഗങ്ങള്‍ ആശയവിനിമയത്തിന് പേര്‍ഷ്യന്‍ ഭാഷ ഉപയോഗിക്കാന്‍ തുടങ്ങിയിട്ടുണ്ട്. സുന്നികളായ പ്രമുഖരെ ഉന്മൂലനം ചെയ്യുന്നുമുണ്ട്. സര്‍വകലാശാലാ പ്രഫസര്‍മാരും പ്രഫഷണലുകളുമാണ് മുന്‍പന്തിയില്‍. ശീഈ നേതാക്കളിലൊരാളായ സയ്യിദ് അബ്ദുല്‍ അസീസ് ഹകീം, എണ്ണശേഖരം ധാരാളമുള്ള ദക്ഷിണ ഇറാഖില്‍ 9 പ്രവിശ്യകളടങ്ങിയ ഒരു ഫെഡറല്‍ സ്റ്റേറ്റ് രൂപീകരിക്കണമെന്ന് ആഹ്വാനം ചെയ്യുകയുണ്ടായി. ശീഈ, സുന്നീ കുടുംബങ്ങള്‍ ഇടപഴകി ജീവിക്കുന്ന ഈ പ്രദേശങ്ങളില്‍നിന്ന് സുന്നികളെ കുടിയൊഴിപ്പിക്കാനും തുടങ്ങിയിട്ടുണ്ട്. അവ ശീഈകളുടേത് മാത്രമാക്കാനാണ് ശ്രമം. കിഴക്കന്‍ ഇറാഖിനെ സുന്നികളില്‍നിന്ന് 'ശുദ്ധീകരിക്കുന്നതി'ല്‍ മഹ്ദി സേന വിജയിച്ച ശേഷം പടിഞ്ഞാറന്‍ ബഗ്ദാദില്‍നിന്ന് സുന്നികളെ പുറത്താക്കാനുള്ള നീക്കവും ആരംഭിച്ചിട്ടുണ്ട്. ഇസ്‌ലാമിക ലോകത്ത് ശീഈ 'മിഷനറി പ്രവര്‍ത്തനം' ശക്തമായി നടക്കുന്നതായും സുന്നീ വൃത്തങ്ങള്‍ പറയുന്നു.

ഇത്തരം പ്രവര്‍ത്തനങ്ങള്‍ക്കു പിന്നില്‍ ആരാണെന്ന് കൃത്യമായി പറയാനാവില്ല. ഇറാനും ശീഈകള്‍ക്കുമാണ് ഉത്തരവാദിത്വമെന്നാണ് പൊതുവായ ആരോപണം. സുന്നികള്‍ക്കിടയില്‍ ഇക്കാര്യം അസ്വസ്ഥതയും രോഷവുമുളവാക്കിയിട്ടുണ്ട്. അതിനിടയിലാണ് ബലിപെരുന്നാള്‍ ദിവസം രാവിലെ സദ്ദാം ഹുസൈനെ തൂക്കിലേറ്റിയത്. ചില തീവ്രവാദികള്‍ അതിനെ ഒരു ശീഈ ആഘോഷമാക്കി മാറ്റി. ഏതാനും വൃത്തങ്ങളില്‍ പരിമിതമായിരുന്ന നീരസവും അതൃപ്തിയും അതോടെ അറബ്-മുസ്‌ലിം ലോകത്തുടനീളം വ്യാപകമായി. രോഷവും അസ്വസ്ഥതയും തെരുവുകളിലേക്ക് വ്യാപിച്ചു. ഇറാഖിലെ ആഭ്യന്തര രംഗത്ത് ഒതുങ്ങിനിന്നിരുന്ന ശീഈ-സുന്നീ സംഘര്‍ഷം അറബ്-ഇസ്‌ലാമികലോകത്ത് മുഴുവന്‍ പ്രതിഫലിച്ചു. മേഖലയില്‍ വിഭാഗീയത ഇളക്കിവിട്ടു എന്നു മാത്രമല്ല അമേരിക്കന്‍ അധിനിവേശത്തിനും ഇസ്രയേലീ നിഷ്ഠുരതക്കുമെതിരായ വലിയ പോരാട്ടത്തില്‍നിന്ന് അത് നമ്മെ തിരിച്ചുവിട്ടു എന്നതാണ് അതിനേക്കാള്‍ വലിയ ദുരന്തം.

ഈ മൂടിക്കെട്ടിയ അന്തരീക്ഷത്തിലാണ് ദോഹയിലെ മദ്ഹബ് സംവാദസമ്മേളനം നടന്നത്. 44 മുസ്‌ലിം രാഷ്ട്രങ്ങളില്‍നിന്ന് ഏകദേശം ഇരുനൂറ് പേരാണ് സമ്മേളനത്തില്‍ പങ്കെടുത്തത്. ഏറെയും സുന്നികളായിരുന്നു. ഇറാന്‍, ലബനാന്‍, ഇറാഖ്, ബഹ്റൈന്‍ എന്നിവിടങ്ങളില്‍നിന്നുള്ള ശീഈകളും പങ്കെടുത്തു. ഇതിനു പുറമെ ഒമാനില്‍നിന്ന് ഇബാദീ വിഭാഗത്തിന്റെയും യമനില്‍നിന്ന് സൈദിയ്യ വിഭാഗത്തിന്റെയും പ്രതിനിധികളുമുണ്ടായിരുന്നു. ആദ്യ സെഷനിലെ പ്രസംഗങ്ങള്‍ വിഷയത്തോടടുത്തുവെങ്കിലും മര്‍മത്തിലെത്തിയില്ല. പക്ഷേ, ശൈഖ് യൂസുഫുല്‍ ഖറദാവി വിഷയം വെട്ടിത്തുറന്ന് പറയുകതന്നെ ചെയ്തു. കാര്യങ്ങള്‍ തുറന്ന് ചര്‍ച്ചചെയ്യാതെ പരസ്പരം അടുക്കാനാവില്ലെന്ന് അദ്ദേഹം പറഞ്ഞു. സുന്നികളെ രോഷാകുലരാക്കിത്തീര്‍ത്ത നടപടികളെ അദ്ദേഹം വിമര്‍ശിച്ചു. മുകളില്‍ പറഞ്ഞ പല സംഭവങ്ങളും അദ്ദേഹം ചൂണ്ടിക്കാട്ടി. സ്വഹാബിമാരെ ആക്ഷേപിച്ചും ചരിത്രത്തിലെ പഴയ സംഘര്‍ഷങ്ങള്‍ പുനരാരംഭിക്കാന്‍ ആഹ്വാനം ചെയ്തും ചില ശീഈ വിഭാഗങ്ങള്‍ പുസ്തകങ്ങള്‍ അച്ചടിച്ച് പ്രചരിപ്പിക്കുന്നതായും ഖറദാവി പറഞ്ഞു. അതോടെ ഇറാഖിലെ പുതിയ സാഹചര്യവും സുന്നികള്‍ അവിടെ അനുഭവിക്കുന്ന ദുരിതങ്ങളും സമ്മേളനത്തിലെ മുഖ്യ വിഷയമായി. ഈജിപ്ത്, സുഡാന്‍, സിറിയ, ലബനാന്‍, മൊറോക്കോ തുടങ്ങിയ രാഷ്ട്രങ്ങളില്‍നിന്ന് വന്ന പണ്ഡിതന്മാരും വിഷയം തുറന്നു ചര്‍ച്ചചെയ്യുകയും വിമര്‍ശനമുയര്‍ത്തുകയും ചെയ്തു. ശീഈ പണ്ഡിതന്മാരില്‍ ചിലര്‍ ചില വാര്‍ത്തകള്‍ നിഷേധിക്കുകയും വസ്തുത എന്താണെന്ന് പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ചിലര്‍ പല സംഭവങ്ങളും അംഗീകരിക്കുകയും അത് തീവ്രവാദികളായ ശീഈകളുടെ വിഡ്ഢിത്തമാണെന്ന് അഭിപ്രായപ്പെടുകയും സുന്നീ തീവ്രവാദികളുടെ വിഡ്ഢിത്തത്തിനു സമാനമാണവയെന്ന് വിലയിരുത്തുകയും ചെയ്തു. ഏതായാലും ഈ തുറന്നുപറച്ചില്‍ കൊണ്ട് യഥാര്‍ഥ സന്ദേശം എത്തേണ്ടിടത്തുതന്നെ എത്തി എന്നു പറയാം. സമ്മേളനത്തോടനുബന്ധിച്ച് പുറത്തിറക്കിയ പ്രസ്താവനയിലും ഇത് തെളിഞ്ഞു കാണാം. ഇറാഖിലെ വിഭാഗീയ സംഘര്‍ഷത്തെയും മുസ്‌ലിംകള്‍ പരസ്പരം രക്തം ചിന്തുന്നതിനെയും പ്രസ്താവന അപലപിക്കുന്നു. ഇസ്‌ലാമിക സമൂഹത്തിനു നേരെയുള്ള അതിക്രമങ്ങളെ ഒറ്റക്കെട്ടായി നേരിടാന്‍ അത് ആഹ്വാനം ചെയ്യുന്നുമുണ്ട്. അമേരിക്ക ഇറാനു നേരെയും ഇസ്രയേല്‍ ഫലസ്ത്വീനു നേരെയും നടത്തുന്ന അതിക്രമങ്ങളെ നേരിടാന്‍ ഒന്നിക്കേണ്ടത് മുസ്‌ലിംകളുടെ ബാധ്യതയാണെന്ന് ശൈഖ് ഖറദാവി ഓര്‍മിപ്പിച്ചു. അമേരിക്കന്‍ സൈനിക ഭീഷണി നേരിടുന്ന ഇറാന്റെ കൂടി ആവശ്യമാണത്. രണ്ടു സുപ്രധാന വിഷയങ്ങളില്‍ സുന്നികളും ശീഈകളും യോജിപ്പിലെത്തിയിട്ടുണ്ട്: ഒന്ന്, നബികുടുംബത്തെയും സ്വഹാബിമാരെയും നിന്ദിക്കാതിരിക്കുക. ഇരു വിഭാഗവും വിശുദ്ധി കല്‍പിക്കുന്നവയെ ആദരിക്കുക. രണ്ട്, ഇരുവിഭാഗവും തങ്ങളുടെ അതിര്‍ത്തികള്‍ മാനിക്കുക. ശീഈകള്‍ സുന്നികള്‍ക്കിടയിലും സുന്നികള്‍ ശീഈകള്‍ക്കിടയിലും തങ്ങളുടെ മദ്ഹബുകള്‍ പ്രചരിപ്പിക്കാന്‍ ശ്രമിക്കാതിരിക്കുക. ഐക്യം ഊട്ടിയുറപ്പിക്കാനും അകല്‍ച്ച ഇല്ലാതാക്കാനും വിവിധ മദ്ഹബുകളിലെ പണ്ഡിതന്മാരുള്‍പ്പെട്ട ഒരു വേദിക്ക് ഖത്തറില്‍ രൂപം നല്‍കണമെന്ന നിര്‍ദേശം വായിച്ചപ്പോള്‍, നാല്‍പതുകളില്‍ ഇതേ ആശയം മുന്നോട്ടുവെച്ച അല്‍ അസ്ഹര്‍ എവിടെ എന്ന ചിന്തയാണുണര്‍ന്നത്. ■